## 591

കൺകളുയർത്തുന്നു ഞാൻ-എന്റെ
സങ്കേതമാകുന്ന സീയോൻ ഗിരിയിലെൻ

1 ആരുടെ കൈകളീയാകാശഭൂമിക-
ളാകൃതി ചെയ്തവൻ താൻ സഹായമെൻ-

2 തെറ്റുകയില്ലയെൻ പാദങ്ങൾ പാതയിൽ
തെല്ലുമുറങ്ങുകയില്ലെന്റെ നായകൻ-

3 പാരിലെൻ പാലകനിസ്രയേൽ നായകൻ
പാർക്കിലവനെന്നരികിലൊരു തണൽ-

4 രാപ്പകൽ ദോഷങ്ങളേശാതെയീ വീധം
ആപത്തകന്നെന്തൊരാനന്ദ ജീവിതം!-

5 എന്റെ ഗമനാഗമനങ്ങൾ സർവ്വവു-
മെന്നുമവൻ കാത്തു നന്നായ് നടത്തിടും-

**M.E.C.**